**കേരള സർക്കാർ**

**സംഗ്രഹം**

**ധനകാര്യ വകുപ്പ്-കേരള സർവ്വീസ് ചട്ടങ്ങൾ- സമാശ്വാസ തൊഴിൽദാന പദ്ധതി - സൂപ്പർ ന്യൂമററി തസ്തികകളിൽ നിയമിതരായവർക്ക ഇൻക്രിമെന്റ് അനുവദിക്കുന്നതു സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**ധനകാര്യ (റൂൾസ് -എ) വകുപ്പ്**

**സ.ഉ (അ) നമ്പർ 70/2019/ധന തിരുവനന്തപുരം , തീയതി 20.06.2019**

---

പരാമർശം

1) സ.ഉ.(കൈ) നം. 174/2012/പൊഭവ തീയതി 06.07.2012
2) സ.ഉ.(കൈ) നം. 209/2012/പൊഭവ തീയതി 16.08.2012
3) സ.ഉ.(കൈ) നം. 249/2013/പൊഭവ തീയതി 02.09.2013
4) സ.ഉ.(കൈ) നം. 131/2014/പൊഭവ തീയതി 02.06.2014
5) സ.ഉ.(കൈ) നം. 307/2014/ പൊഭവ തീയതി 06.11.2014
6) സ.ഉ.(കൈ) നം. 251/2015/പൊഭവ തീയതി 03.10.2015
7) സ.ഉ.(കൈ) നം. 326/2015/പൊഭവ തീയതി 28.12.2015
8) സ.ഉ.(കൈ) നം. 22/2014/ഉഭപവ തീയതി 21.07.2014

**ഉത്തരവ്**

സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൻമേൽ നിയമനം നൽകുന്നതിൽ വളരെയധികം കാലതാമസം വരുന്നെന്ന് കണ്ടതിനെത്തുടർന്ന് പരാമർശം 1 മുതൽ 7 വരെയുള്ള ഉത്തരവുകൾ പ്രകാരം സ്ഥിരം തസ്തികയിൽ അർഹമായ ഒഴിവുണ്ടാകുന്ന മുറയ്ക്ക ക്രമീകരിക്കുന്നതാണ് എന്ന വ്യവസ്ഥയിൽ സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിക്കുകയുണ്ടായി. അത്തരം സൂപ്പർ ന്യൂമററി തസ്തികകളിൽ നിയമിതരായ ഉദ്യോഗാർത്ഥികളുടെ സേവന വ്യവസ്ഥകൾ സംബന്ധിച്ച് സൂചന 8 ഉത്തരവ് പ്രകാരം മാനദണ്ഡങ്ങൾ നിശ്ചയിക്കുകയും സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം സമാശ്വാസ നിയമനത്തിനായി മാറ്റിവച്ചിട്ടുള്ള 5 ശതമാനം ക്വോട്ടയിൽ ഒഴിവുണ്ടാകുന്ന തീയതിയുടെ അടിസ്ഥാനത്തിൽ സൂപ്പർ ന്യൂമററി നിയമനം ക്രമീകരിക്കുന്നതാണെന്ന് വ്യക്തമാക്കുകയും പ്രസ്തുത തീയതി വരെ അവർ

സൂപ്പർ ന്യൂമററി തസ്തികയിൽ തുടരുമെന്നും സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരം അവർക്ക് അവകാശപ്പെട്ട ക്വോട്ടയിലെ ഒഴിവിൽ ആഗിരണം ചെയ്യപ്പെടുന്ന തീയതി മുതൽ പ്രൊബേഷൻ ആരംഭിക്കുമെന്നും ടി ഉത്തരവിൽ വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്. ഇവർക്ക് ഇൻക്രിമെന്റിന് അർഹത ഉണ്ടോ എന്നതു സംബന്ധിച്ച് ഒരു സംശയം ഇപ്പോൾ ഉന്നയിക്കപ്പെട്ടിരിക്കുന്നു.

2. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം സൂപ്പർ ന്യൂമററി തസ്തികകളിൽ നിയമിതരായവർക്ക് ഇൻക്രിമെന്റ് മുതലായ സേവനാനുകൂല്യങ്ങൾക്കുള്ള അർഹത 8-ാമത് പരാമർശിക്കുന്ന ഉത്തരവ് പര്യാലോചിക്കുന്നില്ല. ആയതിനാൽ 5 ശതമാനം ഒഴിവിൽ നിയമനം ക്രമീകരിച്ചതിന് ശേഷം മാത്രമേ സാധാരണയായി ഇൻക്രിമെന്റും മറ്റ് സേവനാനുകൂല്യങ്ങളും ലഭിക്കുകയുള്ളൂ. ഇവരുടെ നിയമനം ക്രമീകരിക്കുന്നത് സുദീർഘമായ ഒരു പ്രക്രിയ ആയതിനാൽ വളരെ വർഷങ്ങൾ ഇവർ ശമ്പള സ്കെയിലിന്റെ മിനിമം മാത്രം വാങ്ങി തുടരേണ്ടി വരുന്നു എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, സമാശ്വാസ തൊഴിൽ ദാന പദ്ധതിയുടെ കീഴിൽ സൃഷ്ടിക്കപ്പെട്ട സൂപ്പർ ന്യൂമററി തസ്തികകളിൽ നിയമിതരായ ഉദ്യോഗാർത്ഥികൾക്ക് അവർ സൂപ്പർ ന്യൂമററി തസ്തികയിൽ ജോലി ചെയ്യുവാൻ ആരംഭിച്ച തീയതി മുതൽ ഒരു വർഷം പൂർത്തിയാകുന്ന മാസം ഒന്നാം തീയതി പ്രാബല്യത്തിൽ കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം 1 ചട്ടം 33 ലെ വ്യവസ്ഥകൾക്കു വിധേയമായി വാർഷിക ഇൻക്രിമെന്റുകൾ അനുവദിക്കുവാൻ അനുമതി നൽകി ഉത്തരവാകുന്നു. നിയമനം ക്രമീകരിക്കുമ്പോൾ അവർ റഗുലറൈസേഷന് തൊട്ടു മുൻപ് ഏതു സ്റ്റേജിലാണോ ശമ്പളം വാങ്ങിയിരുന്നത് ആ സ്റ്റേജിൽ തന്നെ ശമ്പളം നിർണ്ണയിക്കുന്നതാണ്. തുടർന്നുള്ള ഇൻക്രിമെന്റുകൾ താഴെ പറയുന്ന പ്രകാരം അനുവദിക്കുന്നതാണ്.

(i) പ്രൊബേഷൻ രണ്ട് വർഷമാണെങ്കിൽ ക്രമീകരണത്തിന് ശേഷമുള്ള രണ്ട് ഇൻക്രിമെന്റുകൾ സാധാരണ ഇൻക്രിമെന്റ് തീയതികളിലും മൂന്നാമത്തെ ഇൻക്രിമെന്റ് തീയതിക്കു മുൻപ് പ്രൊബേഷൻ വിജയകരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ചിട്ടുണ്ടെങ്കിൽ ടി ഇൻക്രിമെന്റ് സാധാരണ ഇൻക്രിമെന്റ് തീയതിയിലും അനുവദിക്കുന്നതാണ്. പ്രൊബേഷൻ വിജയകരമായി പൂർത്തീകരിക്കാത്ത കേസുകളിൽ മൂന്നാമത്തെ ഇൻക്രിമെന്റ് പ്രൊബേഷൻ വിജയകരമായി പൂർത്തീകരിക്കുന്ന തീയതിയിൽ അനുവദിക്കുന്നതാണ്.

(ii) പ്രൊബേഷൻ ഒരു വർഷമാണെങ്കിൽ ക്രമീകരണത്തിന് ശേഷമുള്ള ആദ്യ ഇൻക്രിമെന്റ് സാധാരണ ഇൻക്രിമെന്റ് തീയതിയിലും രണ്ടാമത്തെ സാധാരണ ഇൻക്രിമെന്റ് തീയതിക്കു മുൻപ് പ്രൊബേഷൻ വിജകരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ചിട്ടുണ്ടെങ്കിൽ ടി ഇൻക്രിമെന്റ് സാധാരണ ഇൻക്രിമെന്റ് തീയതിയിലും അനുവദിക്കുന്നതാണ്. പ്രൊബേഷൻ വിജയകരമായി പൂർത്തീകരിക്കാത്ത കേസുകളിൽ രണ്ടാമത്തെ ഇൻക്രിമെന്റ് പ്രൊബേഷൻ വിജയകരമായി പൂർത്തീകരിക്കുന്ന തീയതിയിൽ അനുവദിക്കുന്നതാണ്.

(iii) നിയമനം ക്രമീകരിക്കുന്ന തീയതിയും ഇൻക്രിമെന്റ് തീയതിയും ഒന്നാകുന്ന പക്ഷം

തുടർന്നുള്ള ഇൻക്രിമെന്റുകൾ കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം 1 ചട്ടം 37 B (a) (b) എന്നിവയിലെ നിബന്ധനകൾക്ക് വിധേയമായി അനുവദിക്കുന്നതാണ്.

4. ഈ ഉത്തരവ് പ്രകാരം ഇൻക്രിമെന്റ് അനുവദിക്കുന്നതുകൊണ്ട് ഈ ജീവനക്കാർക്ക് സ്ഥിരം ഒഴിവിൽ കേരള പി എസ് സി മുഖേന നിയമിക്കപ്പെട്ടവരുടെ മേൽ സ്ഥിരപ്പെടുത്തലിനോ, സീനിയോറിറ്റിയ്ക്കോ, സമയ ബന്ധിത ഹയർ ഗ്രേഡ്, ഉദ്യോഗക്കയറ്റം മുതലായ മറ്റ് സേവന ആനുകൂല്യങ്ങൾക്കോ യാതൊരു മുൻഗണനാവകാശവും ഉണ്ടായിരിക്കുന്നതല്ല. സൂപ്പർ ന്യൂമററി സേവന കാലം ശമ്പള പരിഷ്കരണത്തിന് വെയിറ്റേജിനും പരിഗണിക്കുന്നതല്ല.

5. കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം 1 -ൽ ആവശ്യമായ ഭേദഗതികൾ പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
മനോജ് ജോഷി
അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ/ ജി ആന്റ് എസ്.എസ്.എ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ ആന്റ് ആർ.എസ്.എ), കേരള, തിരുവനന്തപുരം.
ഗവർണറുടെ സെക്രട്ടറി
സെക്രട്ടറി, കേരള നിയമസഭാ സെക്രട്ടേറിയറ്റ്
മുഖ്യമന്ത്രിയുടെയും മറ്റു മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർ.
എല്ലാ സെക്രട്ടറി, സ്പെഷ്യൽ സെക്രട്ടറി/ അഡീഷണൽ സെക്രട്ടറി/ജോയിന്റ് സെക്രട്ടറി/ഡെപ്യൂട്ടി സെക്രട്ടറി/അണ്ടർ സെക്രട്ടറിമാർ.
എല്ലാ വകുപ്പ് തലവന്മാർക്കും ഓഫീസ് മേലധികാരികൾക്കും
പബ്ലിക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.
കേരളത്തിലെ എല്ലാ സർവ്വകലാശാലകൾക്കും
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം
ചീഫ് പ്രൊജക്ട് മാനേജർ, സ്പാർക്ക്
നോഡൽ ഓഫീസർ, www.finance.kerala.gov.in
വെബ് ആന്റ് ന്യൂ മീഡിയ, വിവര പൊതു ജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി [ ഇ ഫയൽ നമ്പർ 632863]

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ